# മോറാൻ മാർ ബസേലിയോസ് ഗീവർഗീസ് ദ്വിതിയൻ എക്സലൻസ് അവാർഡുകൾ വിതരണം ചെയ്തു

കോട്ടയം : മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ദീർഘമായ 35 വർഷക്കാലം നേതൃത്വം നൽകിയ മൂന്നാമത് കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായിരുന്ന പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ സ്മരണാർത്ഥം, പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സണ്ടേസ്ക്കൂൾ കേന്ദ്ര പരീക്ഷയിൽ 10, 12 ക്ലാസുകളിലെ റാങ്ക് ജേതാക്കൾക്കായി കുവൈറ്റ് സെൻറ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാഇടവകയുടെ ജീവകാരുണ്യപ്രസ്ഥാനമായ മാർ ബസേലിയോസ് മൂവ്മെൻറ് ഏർപ്പെടുത്തിയ 'മോറാൻ മാർ ബസേലിയോസ് ഗീവർഗീസ് ദ്വിതിയൻ എക്സലൻസ് അവാർഡുകൾ വിതരണം ചെയ്തു.

ദേവലോകം കാതോലിക്കേറ്റ് അരമന ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന യോഗം, മലങ്കരസഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉത്ഘാടനം ചെയ്തു. സണ്ടേസ്ക്കൂൾ അസോസിയേഷൻ ഡയറക്ടർ ജനറൽ ഫാ. റെജി മാത്യൂ സ്വാഗതം ആശംസിച്ചു. കൽക്കത്താ ഭദ്രാസനാധിപൻ ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപോലീത്താ, അമേരിക്കൻ ഭദ്രാസനാധിപൻ അലെക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ എന്നിവർ സന്നിഹിതരായിരുന്നു. പൗരസ്ത്യ സണ്ടേസ്ക്കൂൾ അസോസിയേഷൻ പ്രസിഡണ്ടും, കൊച്ചി ഭദ്രാസനാധിപനുമായ യാക്കൂബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ ക്യാഷ് അവാർഡും ഫലകവും കുട്ടികൾക്ക് സമ്മാനിച്ചു.

എസ്.എസ്.എഫ്.സി. (10-ാം ക്ലാസ്) പരീക്ഷയിൽ അനസ് പൗലോസ് (സെൻറ് മേരീസ് സണ്ടേസ്ക്കൂൾ, ഓണക്കൂർ), സീനാ സാറാ ജോസ് (സെൻറ് തോമസ് സണ്ടേസ്ക്കൂൾ, ബഥനി, പെരുനാട്), റീനു അന്ന മാത്യു (സെൻറ് സ്റ്റീഫൻസ് സണ്ടേസ്ക്കൂൾ, പത്തനാപുരം) എന്നിവരും, വേദപ്രവീൺ (12-ാം ക്ലാസ്) പരീക്ഷയിൽ സാന്ദ്ര മേരി (സെൻറ് മേരീസ് സണ്ടേസ്ക്കൂൾ, മീനടം), അലീന തോമസ് (എം.ജി.എം. സണ്ടേസ്ക്കൂൾ, ബഥേൽ, ചെങ്ങന്നൂർ), നിധി ഷാജി (സെൻറ് തോമസ് സണ്ടേസ്ക്കൂൾ, പൊങ്ങന്താനം) എന്നിവരും യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്ക് നേടി എക്സലൻസ് അവാർഡുകൾക്ക് അർഹരായി.

*******